(സി) സർക്കാർ ജീവനക്കാർ സാമുദായിക/മത സംഘടനകളുടെയോ അല്ലെങ്കിൽ അത്തരത്തിലുള്ള ട്രസ്റ്റുകളുടെയോ ഭാരവാഹിയാകുന്നത് വിലക്കിക്കൊണ്ട് 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിൽ ഭേദഗതി വരുത്തുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സെന്റർ ഓഫ് ഗുഡ് ഗവേർണൻസ്

4 (7560) ശ്രീ. പാലോട് രവി :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സെന്റർ ഓഫ് ഗുഡ് ഗവേർണൻസ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) എവിടെയാണ് ഇത് സ്ഥാപിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഭരണ നിർവഹണത്തിൽ നൂതന മാർഗ്ഗങ്ങളും നല്ല സമ്പ്രദായങ്ങളും കണ്ടെത്തുന്നതിനും അംഗീകരിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് ഇത് സ്ഥാപിക്കുന്നതുവഴി ലക്ഷ്യമിട്ടിട്ടുള്ളത് ?

ഉത്തരം

(എ) ഉണ്ട്. 2012 മാർച്ച് 1-ന് ബഹുമാനപ്പെട്ട കേരള ഗവർണ്ണർ നിയമസഭയിൽ ചെയ്ത പ്രസംഗത്തിൽ, ഭരണ നിർവ്വഹണത്തിൽ നൂതന മാർഗ്ഗങ്ങളും നല്ല സമ്പ്രദായങ്ങളും കണ്ടെത്തി അംഗീകരിക്കുന്നതിനുവേണ്ടി മികവിനുള്ള അവാർഡുകൾ ഏർപ്പെടുത്തുന്നതാണെന്നും എന്നും ഈ പ്രക്രിയ സുസ്ഥിരമാക്കുന്നതിന് ഐ.എം.ജി. (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജുമെന്റ് ഇൻ ഗവൺമെന്റ്)-ൽ ഒരു സെന്റർ ഓഫ് ഗുഡ് ഗവേർണൻസ് സ്ഥാപിക്കുന്നതുമാണ് എന്ന് പ്രഖ്യാപിച്ചിരുന്നു.

(ബി & സി) ഇതിനായി ഒരു സമഗ്രമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ ഐ.എം.ജി.-യ്ക്ക് നിർദ്ദേശം നൽകുകയും ആയതിൻപ്രകാരം ശുപാർശ സമർപ്പിക്കുകയും പ്രസ്തുത ശുപാർശ സർക്കാർ പരിശോധിച്ചുവരികയുമാണ്.

ഇ-ഫയലിംഗ് സിസ്റ്റം

5 (7561) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ-ഫയലിംഗ് സിസ്റ്റം ഏർപ്പെടുത്തിയ വകുപ്പുകളിൽ അതുമൂലമുണ്ടായിട്ടുള്ള ഗുണദോഷങ്ങൾ പഠിച്ച് കൂടുതൽ സുതാര്യവും കാര്യക്ഷമവുമായ ഒരു സംവിധാനം ഏർപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly